# SSLC MODEL EXAMINATION, FEBRUARY - 2026

## MALAYALAM

First Language - Paper I

**Time : 1½ Hours** Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം.)** **4x1=4**

1. "ഖേദമരുരു തേ, പറന്നിച്ഛയ്ക്കൊത്തവഴി ഗച്ഛ നീ" ഇവിടെ 'ഇച്ഛ' എന്ന പദത്തിന്റെ അർത്ഥം എന്താണ് ? 1

(A) സ്നേഹം (B) ആഗ്രഹം

(C) ശത്രുത (D) അനിഷ്ടം

2. കാര്യകാരണ ബന്ധം വിശകലനം ചെയ്ത് ശരിയുത്തരം കണ്ടെത്തുക. 1

കാര്യം : "അടിയന്തിരമാ ചീഫ് റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം."

കാരണം : "സഹിക്കവയ്യാതായത് പുറകെ വന്നവർ തന്റെ തലയ്ക്കു മുകളിലൂടെ പോയി റിപ്പോർട്ടേഴ്സ് ഇൻ ചീഫ് ആയി അരിയിട്ടു വാഴ്ത്തപ്പെട്ടപ്പോളാണ്."

(A) കാര്യം ശരി, കാരണം തെറ്റ് (B) കാര്യവും കാരണവും തെറ്റ്

(C) കാര്യം തെറ്റ്, കാരണം ശരി (D) കാര്യവും കാരണവും ശരി

Score

3. "ഏത് പൂവിന്റെ മണമാണ് നിങ്ങൾക്ക് " എന്ന് ചോദിക്കേണ്ടതിനു പകരം അവൾ ചോദിച്ചു : "ഏത് പൂവാണ് നിങ്ങൾ ?" 1

(വെള്ളത്തിന് തെളിയാതിരിക്കാനാവില്ല)

പെൺകുട്ടിയുടെ ചോദ്യത്തിന്റെ പൊരുളെന്താണ് ?

(A) മനുഷ്യനും പ്രകൃതിയും വേറിട്ടു നിൽക്കുന്നതല്ല.

(B) മനുഷ്യനാണ് പ്രകൃതിയുടെ സൗന്ദര്യം.

(C) മനുഷ്യൻ പൂക്കളെപ്പോലെയാണ്.

(D) പ്രകൃതിയിൽ സുഗന്ധം പരത്തുന്നവനല്ല മനുഷ്യൻ.

4. ചുവടെ പിരിച്ചെഴുതിയവയിൽ **ശരിയായത്** ഏത് ? 1

(i) തടിക്കഷണം – തടി, കഷണം

(ii) മനസ്സുമായി – മനസ്സ്, ആയി

(iii) മനസ്സിലായില്ല – മനസ്സിൽ , ആയില്ല

(iv) കുതിച്ചോടി – കുതിച്ച്, ഓടി

(A) (ii), (iii) ശരിയാണ് (B) (ii) മാത്രം ശരിയാണ്

(C) (i), (iii), (iv) ശരിയാണ് (D) (i), (iv) തെറ്റാണ്

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം.)** 3x3=9

5. "വിനയത്തോടെയുള്ള പെരുമാറ്റം, ആത്മാർത്ഥതയോടെചെയ്യുന്ന പ്രവൃത്തി, മിടുക്കൻ, സത്യസന്ധൻ. ഗ്രാമീണർ അവനെ പുകഴ്ത്താൻ മറന്നില്ല." 3

(മുരിങ്ങാമരത്തോപ്പ്)

ഈ കഥാ സന്ദർഭത്തിൽ ഗ്രാമീണരുടെ എന്തെല്ലാം സവിശേഷതകളാണ് പ്രകടമാവുന്നത് ? കണ്ടെത്തിയെഴുതുക.

6. "ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു 3

ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ."

(കഥകളതിമോഹനം)

എഴുത്തച്ഛന്റെ കവിതയുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത് ?

Score

7. (A) "ഒരു തമാശകൊണ്ട് 3
നൂറ്റമ്പതുപേരെ ഊട്ടിയാൽ
പിന്നെ നിങ്ങൾ
നിങ്ങളല്ല.
നൂറ്റമ്പതു വായനക്കാരുടെ
കർത്താവാണ്."

(അന്നന്നത്തെ മോക്ഷം)

ഈ വരികളിലെ സാമൂഹിക വിമർശനം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) "പരിവർത്തനത്തിന്റെ 3
ഞാണൊലി മാത്രം കേൾക്കാ-
മരികത്തെല്ലായ്പ്പോഴും
നിമിഷങ്ങളിലൂടെ!"

(പ്രയാണം)

'പരിവർത്തനത്തിന്റെ ഞാണൊലി' എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ കണ്ടെത്തിയെഴുതുക.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം.)** 4x5=20

8. "ഈ സിനിമയിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നത് വളരെ കുറച്ചു മാത്രമാണ്." 5
"കൃത്രിമ സംഗീതത്തിന്റെ വച്ചുകെട്ടലുകൾ പോലും ശുദ്ധ സിനിമയ്ക്ക് അനാവശ്യമാണെന്ന് ഈ സിനിമ പ്രഖ്യാപിക്കുന്നു."

(തേൻ)

സിനിമയിലെ സംഭാഷണം, സംഗീതം, ദൃശ്യം എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ മുകളിൽ നൽകിയ നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

9. "ഇവിടെ വീട്ടിൽ വരുന്നവർക്കൊന്നും മണ്ണിലോ അതല്ലെങ്കിൽ ടൈൽസിലോ ചവിട്ടി കാലുകൾ വൃത്തികേടാകത്തില്ലല്ലോ." 5
"ആരുമായും അടുത്തിടപഴകുന്ന ആളല്ല എന്നതു ശരിതന്നെ."

(മണ്ണും മനുഷ്യനും)

ഇത്തരം മനോഭാവം സാമൂഹിക ജീവിതത്തെ എങ്ങനെയെല്ലാം ബാധിക്കും ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

Score

10. "നീരാവിയിലെ നീര് പോലെ ഓരോ എഴുത്തിലും ഒരു നാടൊളിച്ചിരിക്കുന്നു." 'ദേശവും എഴുത്തും' എന്ന പാഠഭാഗവും വായനാനുഭവങ്ങളും അടിസ്ഥാനമാക്കി മുകളിൽ നൽകിയ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. 5

11. (A) "ജലമെന്നോ വെള്ളമെന്നോ 5

തിരിയാതെ തിരിയുന്നു

തൊണ്ട ദാഹിക്കുന്നു."

(ആലപ്പുഴ വെള്ളം)

ജലവും വെള്ളവും വ്യത്യസ്താനുഭവങ്ങളായി മാറുന്നു എന്നു പറയുന്നതിന്റെ പൊരുളെന്ത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

അല്ലെങ്കിൽ

(B) "നരേശിന്റെ വായിൽ ഒരുതരം കയ്പുരസം അനുഭവപ്പെട്ടു. തന്റെ ജീവൻ രക്ഷിക്കുന്നതിനായി കമ്പ്യൂട്ടർ നിശ്ശബ്ദം ആത്മബലി നടത്തിയിരിക്കുന്നു." 5

(നരബലി)

കഥാ സന്ദർഭത്തിൽ തെളിയുന്ന നരേശ് എന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പെഴുതുക.

ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ) 1x7=7

12. (A) "എന്റെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ടുതന്നെയാണ് മറ്റുഭാഷകൾ വളരെ എളുപ്പം പഠിക്കാൻ എനിക്കു കഴിഞ്ഞത്." 7

– പ്രകാശ് രാജ്

"വിദേശഭാഷയിലൂടെയുള്ള വിദ്യാഭ്യാസം ശ്രമകരവും പഠിതാക്കളെ സംബന്ധിച്ചിടത്തോളം കഠിനവുമാണ്."

– മഹാത്മാഗാന്ധി

തന്നിരിക്കുന്ന പ്രസ്താവനകളും 'മാതൃഭാഷ നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി' എന്ന പാഠഭാഗത്തിലെ ആശയവും പരിഗണിച്ച് 'വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

അല്ലെങ്കിൽ

Score

(B) ആശയം, ആസ്വാദനാംശങ്ങൾ, സാമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് കവിതാ ഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക. 7

**വിളികളുകൾ**

ആകാശത്തിന്റെ
ചങ്ക് പൊടിയുന്നു
നാമതിനെ
മഴയെന്നു വിളിക്കുന്നു
മഴയൊരു
കിനാവ് കാണുന്നു
നാമതിനെ
മഴവില്ലെന്നു വിളിക്കുന്നു.

ആകാശമൊരു
പൊട്ടുതൊടുന്നു
നാമതിനെ
സൂര്യനെന്നു വിളിക്കുന്നു
സൂര്യനൊരു കുരുന്നിനെ
തൊട്ടുതലോടുന്നു
നാമതിനെ
മരമെന്നു വിളിക്കുന്നു.

– എം. ആർ. രേണുകുമാർ

-oOo-